**15 –ാം കേരള നിയമസഭ**

**16 –ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** **23-02-2026 - ൽ മറുപടിയ്ക്ക്**

## ശമ്പള പരിഷ്കരണത്തിനു കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും ഡി.എ.യും നൽകുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ബഹു. ധനകാര്യ വകുപ്പ് മന്ത്രി 29.01.2026 –ന് നിയമസഭയിൽ അവതരിപ്പിച്ച 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ ശമ്പള പരിഷ്കരണ കമ്മീഷൻ പ്രഖ്യാപിക്കുന്നതായും മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുമെന്നും, സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും നിലവിൽ അവശേഷിക്കുന്ന ഡി.എ /ഡി.ആർ ഗഡുക്കൾ പൂർണ്ണമായും നൽകാൻ തീരുമാനിക്കുന്നെന്നും ഒരു ഗഡു ഡി.എ ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതാണെന്നും നിലവിൽ അവശേഷിക്കുന്ന ഗഡുക്കൾ പൂർണ്ണമായും മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം അനുവദിക്കുന്നതാണെന്നും ഡി.എ.-യുടെയും ഡി.ആർ.-ന്റെയും കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കുമെന്നും ആദ്യ ഗഡു ബജറ്റ് വർഷത്തിൽ തന്നെ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ഒരു ഗഡു ക്ഷാമബത്ത 2026 ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പവും അവശേഷിക്കുന്ന ക്ഷാമബത്ത ഗഡുക്കൾ മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പവും അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് പ്രഖ്യാപനങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ഉടൻ തന്നെ പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | നോട്ട് നിരോധനം, കോവിഡ് മഹാമാരി എന്നിവ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ തകർത്തതായി വിലയിരുത്തുന്നുണ്ടോ; | (ബി) | പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് പണ ഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. നടപ്പ് സാമ്പത്തിക വർഷം മാത്രം കടമെടുപ്പ് പരിധിയിൽ 16609.94 കോടി രൂപയുടെ വെട്ടിക്കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ഇത്തരം നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. |
| (സി) | പ്രസ്തുത സാഹചര്യത്തിലും ശമ്പള പരിഷ്കരണവും ഡി.എ.കുടിശ്ശികകളും വിതരണം ചെയ്യുവാൻ തീരുമാനിക്കുമ്പോൾ കേന്ദ്രം നൽകേണ്ട ഫണ്ടുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തിന്റെ അർഹതപ്പെട്ട കടമെടുപ്പ് വിഹിതം അനുവദിക്കണമെന്നും വെട്ടിക്കുറച്ച കടമെടുപ്പ് വിഹിതം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് നിരവധി തവണ കത്തുകളും നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. കടമെടുപ്പ് പരിധി വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി തലത്തിലും ബഹു. ധനമന്ത്രി തലത്തിലും നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. കൂടാതെ, ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ ജനപ്രതിനിധികൾ മുഖേന ഫലപ്രദമായ ഇടപെടലുകൾ സാധ്യമാക്കുന്നതിനായി പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായിട്ടുള്ള എം.പി. –മാരുടെ സമ്മേളനത്തിൽ ഇക്കാര്യം അവതരിപ്പിച്ചിട്ടുമുണ്ട്. ഇത്തരം നടപടികൾക്കൊപ്പം നടപ്പുവർഷത്തെ കടമെടുക്കൽ പരിമിതികൾ മൂലം ഉണ്ടാകുന്ന ₹21000 കോടിയിലധികം വരുന്ന ഗുരുതരമായ വിഭവ വിടവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് ഒരു പ്രത്യേക ധനകാര്യ പാക്കേജ് അനുവദിക്കുക, അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, അനുബന്ധ വികസനം എന്നിവ ലക്ഷ്യമിട്ടുള്ള സാമ്പത്തിക സഹായത്തിനായി ₹1,000 കോടി ബജറ്റ് വിഹിതം അനുവദിക്കുക, മൂലധന ചെലവുകൾക്കായി മാത്രം ജി.എസ്.ഡി.പി.-യുടെ 0.5% അധിക വായ്പാ അനുവദിക്കുക, സംസ്ഥാന ധനസഹായത്തോടെയുള്ള ദേശീയ പാത ഭൂമി ഏറ്റെടുക്കലിനായി (₹6,000 കോടി) വായ്പയെടുക്കൽ അനുവദിക്കുക, സംസ്ഥാനങ്ങൾക്കുള്ള 50 വർഷത്തെ പലിശരഹിത മൂലധന വായ്പകളുടെ 25% എങ്കിലും ആസ്തി പുതുക്കൽ ഫണ്ടായി നീക്കിവയ്ക്കുക, ജി.എസ്.ടി. പരിഷ്കരണവും റവന്യൂ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രധാന ആവശ്യങ്ങൾ 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റ് അവതരണത്തിന് |

| | | | |
|---|---|---|---|
| | | | മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ച ചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ കേരളം മുന്നോട്ടു വച്ചിരുന്നു. എന്നാൽ ഈ ആവശ്യങ്ങളൊന്നും കേന്ദ്രം നാളിതുവരെ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ